# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2584      18.06.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി

ചോദ്യം      ഉത്തരം

ശ്രീ. വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, വി.ഡി. സതീശൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം IX ഉം X ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക്, 01/07/2012 മുതൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ച പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 22/03/2013 ലെ സ.ഉ(എം.എസ്) 25/13/ പജപവവിവ നം. സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഡേസ്കോളേഴ്സിനും ഹോസ്റ്റലേഴ്സിനും യഥാക്രമം പ്രതിമാസം 150/- ഉം 350/- ഉം രൂപ നിരക്കിൽ സ്കോളർഷിപ്പും, യഥാക്രമം പ്രതിവർഷം 750/- ഉം, 1000/- രൂപ ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായും അനുവദിക്കുന്നു. കേന്ദ്ര പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്. എന്നാൽ സംസ്ഥാനത്തെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിൽ ഒൻപതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥി-കൾക്കും കേന്ദ്രാവിഷ്കൃത പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് 30/03/2013 ലെ സ.ഉ(കൈ) 31/13/ പ.ജ.പ.വ.വി.വ നം. ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുക എന്ന മുഖ്യ ഉദ്ദേശമാണ് ഈ പദ്ധതിയ്ക്കുള്ളത്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് പ്രോത്സാഹനം നല്കുക എന്നതും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പെടുന്നു. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | 100% കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ടി പദ്ധതി പ്രകാരം പ്രതിമാസം 150/- രൂപ day scholers നും, 350/- രൂപ hostellers നും സ്കോളർഷിപ്പും, അഡ്ഹോക്ക് ഗ്രാന്റായി day scholers ന് 750/- രൂപയും 1000/- രൂപ hostellers നും അനുവദിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | 2012-13 വർഷം മുതൽ DBTS (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം) മുഖേന ടി പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ വർഷവും ഈ പദ്ധതിക്കു വേണ്ടി പട്ടികജാതി വികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ആവശ്യമായ തുക നിക്ഷേപിച്ച് പദ്ധതി നടപ്പിലാക്കുന്നു. സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേക്ക് അനുവദിക്കുന്നു. 2012-13 ൽ സ്കോളർഷിപ്പിന് അർഹമായ 85481 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2013-14 ലെ സ്കോളർഷിപ്പ് വിതരണം നടത്തി വരുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തിയാകുന്നതാണ്. 2014-15 വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Sali K.T

സെക്ഷൻ ഓഫീസർ